**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ. ആൻസലൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി എത്ര വിദ്യാർത്ഥികളെ പഠനത്തിനായി വിദേശത്തേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി 1059 പട്ടികജാതി വിദ്യാർത്ഥികളെയും, 80 പട്ടികവർഗ വിദ്യാർത്ഥികളെയും വിദേശ പഠനത്തിന് അയച്ചിട്ടുണ്ട് . ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയായി പുനസംഘടിപ്പിച്ചതിനു ശേഷം 404 പട്ടികജാതി വിദ്യാർത്ഥികളെയും 36 പട്ടികവർഗ വിദ്യാർത്ഥികളെയും വിദേശ പഠനത്തിന് അയച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പേർക്ക് വിദേശത്ത് തന്നെ ഉന്നത പഠനത്തിനും തൊഴിലിനും അവസരം ലഭിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ വിദേശത്ത് ഉന്നത പഠനം തുടർന്ന് വരുന്ന വിദ്യാർത്ഥികളിൽ ആരും തന്നെ വിദേശത്തു മറ്റൊരു ഉന്നത പഠനത്തിന് തെരഞ്ഞെടുത്തിട്ടില്ല. 2024 ജനുവരി ഇൻടേക്കിൽ യു.കെ-യിലെത്തിയ 51പട്ടികജാതി വിദ്യാർത്ഥികളിൽ പഠനം പൂർത്തിയാക്കിയ 47പേർ പോസ്റ്റ് സ്റ്റഡി വർക്ക് വിസയ്ക്ക് അപേക്ഷിച്ച് വിദേശത്ത് തന്നെ തുടരുകയാണ്. 24 പേർക്ക് ഫുൾ-ടൈം ജോലി ലഭിച്ചു. 4 പേർ പഠനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി. ബാക്കിയുള്ളവർ പാർട്ട്-ടൈം ജോലികളിലാണ്. 2024 ജൂലൈ, സെപ്റ്റംബർ, 2025 ജനുവരി എന്നീ ഇൻടേക്കുകളിൽ പോയിട്ടുള്ള വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയായി വരുന്നതേയുള്ളൂ.<br><br>2024-25, 2025-26 വർഷംവിദേശത്ത് പഠനത്തിനായി പോയ 36 പട്ടികവർഗ വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തി വരുന്നു . |
| (സി) | പ്രസ്തുത സ്കോളർഷിപ്പായി വിദ്യാർത്ഥികൾക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നത്. വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വരെയും, വാർഷിക വരുമാനം 12 ലക്ഷം മുതൽ20 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയും, 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 15 ലക്ഷം രൂപ വരെയും നൽകുന്നു. വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പരമാവധി 25 ലക്ഷം രൂപ വരെ നൽകുന്നു. |

സെക്ഷൻ ഓഫീസർ